(2) It took time to collect the necessary informations.

(3) No.

Complaints from contractors—Protector's Department.

352. മിസ്റ്റർ കെ. പി. വള്ളോൻ.—ഫ. അധഃകൃത സംരക്ഷകൻഡിപ്പാർട്ട്മെണ്ടിൽ ചെയ്തിച്ചിട്ടുള്ള മരാമത്തു പണികൾക്കു പണംകൊടുത്തിട്ടില്ലെന്നും പണം കിട്ടുവാനാവശ്യപ്പെട്ടുകൊണ്ടും ഇതെവരെകഴിഞ്ഞ മൂന്നു കൊല്ലത്തിനുള്ളിൽ എത്ര ഹർജികൾ ദിവാൻജിക്കു കിട്ടിയിട്ടുണ്ടു്;

(ക) a. ഹർജികളുടെ തിയ്യതികൾ;

b. ഹർജിക്കാരുടെപേരും ഉദ്യോഗപ്പേരും;

c. ആവശ്യപ്പെട്ടിട്ടുള്ള സംഖ്യ;

(ന) അധഃകൃതസംരക്ഷകൻ മരാമത്തു വേലകളെ സംബന്ധിച്ചു് ഗവമ്മെണ്ടിലേക്കയച്ചിട്ടുള്ള വൌച്ചറുകൾ കളവാണെന്നു വല്ല ഹർജികളും കഴിഞ്ഞ മൂന്നു കൊല്ലത്തിനുള്ളിൽ ഗവമ്മെണ്ടിൽ വന്നിട്ടുണ്ടെങ്കിൽ അവയുടെ എണ്ണം; ഹർജിക്കാരുടെ പേരും ഉദ്യോഗപ്പേരും; ഹർജികളുടെ തിയ്യതിയും:

(ര) ടി ഹർജികളിന്മേൽ സംരക്ഷകൻ വല്ല സമാധാനവും അയച്ചിട്ടുണ്ടെങ്കിൽ അവയെന്തു്, സമാധാനത്തിന്റെ തിയ്യതി;

(ങ) ടി ഹർജികാര്യങ്ങൾ എങ്ങിനെ തീരുമാനിച്ചു?

രാമവമ്മതമ്പുരാൻ.—(ക) മൂന്നു ഹർജികൾകിട്ടീട്ടുണ്ടു്.

(ഖ) a. ഹർജികളുടെ തിയ്യതികൾ ൈ—ന—ാ—ാ—ാ

രാമവർമ്മതമ്പുരാൻ.—അനേഷിച്ചുപറയാം.

മിസ്റ്റർ സി. എ. ഔസേപ്പ്.—സ്വാമിസമാനന്ദൻ എന്നയാൾ മാത്രമേ അപേക്ഷ അയച്ചിട്ടുള്ളുവോ?

രാമവർമ്മതമ്പുരാൻ.—അതേയുള്ളു.

മിസ്റ്റർ സി. എ. ഔസേപ്പ്.—വെയ്ച്ചുകൊടുക്കാൻ ശരിയായിട്ടുള്ള വയല്ലെന്നു പ്രസ്താവിച്ചിട്ടുണ്ടെന്നു് ഇതിന്റെ മൂന്നാംഭാഗത്തു കാണുന്നു. അതിനെപ്പറ്റി അനേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അതു ശരിയല്ലെന്നു് എവിഡൻസു് എടുത്തതിൽ തെളിഞ്ഞിട്ടുണ്ടു്.

മിസ്റ്റർ സി. എ. ഔസേപ്പ്.—കള്ളവായിട്ടുള്ള വെയ്ച്ചുകൊടുക്കാൻ എഴുതിക്കൊടുത്തതിനു് ആ സ്വാമിയെ പ്രോസിക്യൂട്ടുചെയ്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അങ്ങിനെ തുടങ്ങിയാൽ അതിനു് ഒരു അവസാനമില്ല.

Labour Inspector's post—application for.

353. മിസ്റ്റർ കെ. പി. വള്ളോൻ.—കെ. പി. വള്ളോൻ എം. എൽ. സി. ലേബർ ഇൻസ്പെക്ടരുടെ ഉദ്യോഗത്തിനു കൊടുത്തിരുന്നു എന്നു പറയുന്ന അപേക്ഷയുടെ ശരിയായ ഒരു കോപ്പി ഈ മേശപ്പുറത്തു വെക്കുമോ?

രാമവർമ്മ തമ്പുരാൻ.—ചോദ്യത്തിന്റെ ഉത്തരം നോക്കുക.

മിസ്റ്റർ കെ. പി. വള്ളോൻ.—ഹർജിയുടെ ശരിയായ ഒരു പകർപ്പാണു് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നതു്. എന്നാൽ അതിന്റെ ചിലഭാഗങ്ങൾമാത്രം എടുത്തുകാണിച്ചിരിയ്ക്കുന്നതിനു് വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഒരു കാരണവുമില്ല.

മിസ്റ്റർ സി. എ. ഔസേപ്പ്.—ചോദ്യത്തിനു പറഞ്ഞിട്ടുള്ള മറുപടി ആ ഹർജിയുടെ ഏതാനുംഭാഗം മാത്രമായിരുന്നുവോ?

രാമവർമ്മതമ്പുരാൻ.—അതെയിരുന്നു.

മിസ്റ്റർ സി. എ. ഔസേപ്പ്.—ആ അപേക്ഷയിലെ ചില

LIBRARY ARCHIVES Kerala Legislative Assembly